ഫങ്ഷണൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ

18 [4876] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി പയ്യനാട് പ്രവർത്തിക്കുന്ന ഫങ്ഷണൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ആകെ എത്ര റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) കഴിഞ്ഞ രണ്ടുവർഷത്തിനകം ആരംഭിച്ച പുതിയ യൂണിറ്റുകളേതൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ഇവിടെ സർക്കാരിന്റെയോ വിവിധ ഏജൻസികളുടെയോ ആഗോള നിക്ഷേപ സംഗമത്തിന്റെയോ ഭാഗമായി പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പതിനാറ്.

(ബി) കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ ശക്തി പ്രികൃുറേഡ് സിസ്റ്റം എന്ന ഒരു വ്യവസായ യൂണിറ്റ് ഇവിടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) തയ്യാറാക്കിയിട്ടില്ല.

മെറ്റൽ ക്രഷറുകൾക്ക് ഏർപ്പെടുത്തിയ കോമ്പൗണ്ടിംഗ് സമ്പ്രദായം

19 [4877] ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെറ്റൽ ക്രഷറുകൾക്ക് ഏർപ്പെടുത്തിയ കോമ്പൗണ്ടിംഗ് സമ്പ്രദായം ഇപ്പോൾ നിലവിലുണ്ടോ;

(ബി) കോമ്പൗണ്ടിംഗ് എന്നുമുതലാണ് ഏർപ്പെടുത്തിയത്;

(സി) കോമ്പൗണ്ടിംഗിന് മുൻവർഷം ക്രഷറുകളിൽ നിന്നും സർക്കാരിനു കിട്ടിയ വരുമാനം എത്ര;

(ഡി) കോമ്പൗണ്ടിംഗിനുശേഷം കിട്ടിയ വരുമാനം എത്ര;

(ഇ) കോമ്പൗണ്ടിംഗ് ഏർപ്പെടുത്തിയത് എത്ര വർഷത്തേക്കാണെന്ന് വ്യക്തമാക്കാമോ;

(എഫ്) മെറ്റൽ ക്രഷറുകൾക്ക് ഏർപ്പെടുത്തിയ കോമ്പൗണ്ടിംഗ് പിൻവലിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 2002-2003 സാമ്പത്തിക വർഷം മുതൽ.

(സി) 2001-2002 വർഷത്തിൽ 71,06,776 രൂപ കരിങ്കല്ലിന്റെ റോയൽറ്റിയായി ലഭിച്ചിട്ടുണ്ട്.

(ഡി) 2002-2003 വർഷത്തിൽ കോമ്പൗണ്ടിംഗ് നിലവിൽ വന്നശേഷം 50,68,384 രൂപ കരിങ്കല്ലിന്റെ റോയൽറ്റിയായി ലഭിച്ചിട്ടുണ്ട്.

(ഇ) കോമ്പൗണ്ടിംഗ് അതാത് വർഷത്തേക്കാണ് നടത്തുന്നത്. ഈ നിയമത്തിനു സമയപരിധിയൊന്നും നൽകിയിട്ടില്ല.

(എഫ്) ആലോചനയിലില്ല.

ആലപ്പുഴ ജില്ലയിലെ എൽ. ഡി. ക്ലാർക്കുമാരുടെ ഒഴിവുകൾ

20 [4880] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ വ്യവസായ വകുപ്പിൽ നിലവിൽ എൽ.ഡി. ക്ലാർക്കുമാരുടെ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ ഒഴിവുകൾ ഒന്നുംതന്നെ ഇല്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

വ്യവസായ വകുപ്പിലെ ദിവസക്കൂലി നിയമനം

21 [4881] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ഇപ്പോൾ എത്ര പേർ ജോലി നോക്കിവരുന്നുണ്ട്;

(ബി) ഇവർ ഏതൊക്കെ തസ്തികകളിലാണ് ജോലി നോക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly